File No.SJD/2020/2021-E6

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി: 24/06/2021
Email-swdkerala@gmail.com
Phone-0471-2306040

## പരിപത്രം

വിഷയം:- സാമൂഹ്യനീതി വകുപ്പ് --ജീവനക്കാര്യം- ജീവനക്കാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് ക്ഷണിക്കുന്നത്- സംബന്ധിച്ച്.

സൂചന:- സ.ഉ. (സാധാ )നം.429/2021/സാ.നീ.വ തീയതി 17/06/21

സൂചിത സർക്കാർ ഉത്തരവ് പ്രകാരം പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാരുടെ പ്രൊബേഷൻപൂർത്തികരിച്ചതായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഡിപ്പാർട്ട്മെൻറ് പ്രമോഷൻ കമ്മിറ്റി ചേർന്ന് തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗക്കയറ്റം ലഭിക്കേണ്ട ജീവനക്കാർ തുടർച്ചയായ മൂന്നു വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കണമെന്ന് KS&SSR ചട്ടം 28 (b) (i) (4) വ്യവസ്ഥ ചെയ്യുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിലെ ജീവനക്കാർ , ഉദ്യോഗക്കയറ്റം ലഭിക്കുന്നതിനായി തുടർച്ചയായ മൂന്നു വർഷത്തെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതുണ്ട്.

ഈ സാഹചര്യത്തിൽ വകുപ്പിലെ മേൽ പരാമർശിച്ച തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ടെസ്റ്റ് പാസ്സായ probation ഡിക്ളയർ ചെയ്ത എല്ലാ ജീവനക്കാരും കലണ്ടർ വർഷം 2018, 2019, 2020, വർഷങ്ങളിലെയും 2021 മെയ് മാസം 31 വരെയുമുള്ള കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ കലണ്ടർ വർഷ ക്രമത്തിൽ തയ്യാറാക്കി **05-07-2021 ന് മുമ്പായി** ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. ഓരോ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളുടെയും കൂടെ റിപ്പോർട്ടിംഗ് ഓഫീസർ ഒപ്പ് രേഖപ്പെടുത്തിയ സെൽഫ് അസ്സസ്മെൻറ് കൂടി ഉൾപ്പെടുത്തേണ്ടതാണ്. മുൻ വർഷങ്ങളിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ഈ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുള്ള ജീവനക്കാർ അവശേഷിക്കുന്ന കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിച്ചാൽ മതിയാകുന്നതാണ് . ഇപ്രകാരം അയക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ ബന്ധപ്പെട്ട സീറ്റിൽ (E6) ലഭിച്ചെന്ന് ജീവനക്കാർ ഉറപ്പുവരുത്തേണ്ടതാണ്. കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കാത്ത ജീവനക്കാരെ ഡിപിസി കൂടുമ്പോൾ പ്രമോഷന് പരിഗണിക്കുന്നതല്ല. ആയതിനാൽ ഓരോ ജീവനക്കാരനും യഥാസമയം കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുവാൻ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ജീവനക്കാർ തങ്ങളുടെ മൊബൈൽ നമ്പർ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾക്ക് മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

**സാമൂഹ്യനീതിവകുപ്പ് ഡയറക്ടർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (കാര്യാലയ മേധാവി മുഖേന)

പകർപ്പ്:-

1. എല്ലാ കാര്യാലയ മേധാവികൾക്കും.
2. ഡയറക്ടറുടെ CA
3. സൂപ്രണ്ട് F സെക്ഷൻ
4. E1 സീറ്റ്
5. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി